HOLY BIBLE

Vol.64 “നാം അവന്റെ കൈപ്പണിയായി സൽപ്രവർത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു” (എഫെ. 2:10) No.12

# വേലയ്ക്കുവേണ്ടിയുള്ള പരിശുദ്ധാത്മാവിന്റെ ശക്തി

By D.L.Moody

യോഹന്നാൻ സുവിശേഷം ഏഴാം അദ്ധ്യായത്തിൽ കർത്താവിൽ ആശ്രയിച്ച് പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നവരെ കാണാൻ കഴിയും. “ എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് തിരുവെഴുത്തു പറയുന്നതു പോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്ന് വിളിച്ചു പറഞ്ഞു ” (യോഹ.7:38).

കിണറു കുഴിക്കുന്നതിനു രണ്ട് രീതികൾ ഞാൻ കണ്ടിട്ടുണ്ട്. എന്റെ കുട്ടിക്കാലത്തു ഇംഗ്ളണ്ടിലെ ഒരു കൃഷിയിടത്തിൽ ഒരു കിണറുണ്ടായിരുന്നു. അതിൽ തടികൊണ്ടുള്ള ഒരു പഴയ പമ്പ് വച്ചിരുന്നു. കന്നുകാലികൾക്ക് വെള്ളം കൊടുക്കുമ്പോഴും കിണർ വൃത്തിയാക്കുന്ന സമയത്തുമൊക്കെ ആ പമ്പ് ഉപയോഗിക്കേണ്ടതായിട്ട് വന്നിട്ടുണ്ട്. പലപ്പോഴും എന്റെ കൈക്ഷീണിക്കുന്നതുവരെ ഞാൻ പമ്പ് ചെയ്യാറുണ്ട്. എന്നാൽ ഇപ്പോൾ മറ്റൊരു എളുപ്പവഴിയുണ്ട്. പഴയതുപോലെ വലിയ കിണറുണ്ടാക്കി വശങ്ങളൊക്കെ കല്ലുകൊണ്ടു കെട്ടി മനുഷ്യശക്തിയുപയോഗിച്ച് കോരേണ്ട ആവശ്യവുമില്ല. മണ്ണും മണലും പാറയുമെല്ലാം കടന്ന് ഒരു ചെറിയ പൈപ്പ് ആഴങ്ങളിലേക്ക് ചെന്ന് നിരന്തരം വെള്ളം ഒഴുകിക്കൊണ്ടിരിക്കുന്ന സംവിധാനമാണ് ഇന്നുള്ളത്. അതിന് മനുഷ്യന്റെ അദ്ധ്വാനം ആവശ്യമില്ലാതെ ധാരാളം വെള്ളം ഒഴുകിക്കൊണ്ടേയിരിക്കും.

ഞാൻ ചിന്തിക്കുന്നത്, ദൈവമക്കൾ എല്ലാവരും ഇങ്ങനെയുള്ള കിണറുകൾ പോലെ ആയിരിക്കേണം എന്നാണ്. ആയാസപ്പെട്ടു പമ്പ് ചെയ്യുന്നവരായിട്ടല്ല പിന്നെയോ, വെള്ളം ഒഴുകുന്ന നിലയിലായിരിക്കേണം. പ്രസംഗപീഠങ്ങളിൽ ഇങ്ങനെ പമ്പു ചെയ്യുന്നവരെ കണ്ടിട്ടില്ലേ? ഞാനും അങ്ങനെ ഒരുവനായിരുന്നു. ഞാൻ അത് അറിയുന്നു. ശുശ്രൂഷകന്മാർ പ്രസംഗപീഠങ്ങളിൽ പ്രസംഗിച്ചു കൊണ്ടേയിരിക്കുന്നു. ആളുകൾ ഉറങ്ങുകയും ചെയ്യുന്നു. അവരെ ഉണർത്തുവാൻ ശുശ്രൂഷകന്മാർക്കു കഴിയുന്നുമില്ല. എന്താണ് പ്രശ്നം? ജീവന്റെ ജലം അവിടെയില്ല. കിണറിൽ വെള്ളമില്ലെങ്കിലും പമ്പിംഗിന് കുറവില്ല. ഉണങ്ങിയ കിണറിൽ നിന്നും വെള്ളം പുറപ്പെടുവിക്കുവാൻ നമുക്ക് സാദ്ധ്യമല്ല.

എന്നാൽ ഇന്ന് അതാണ് നടന്നുകൊണ്ടിരിക്കുന്നത്. ആളുകളിലേയ്ക്ക് വെള്ളം എത്തിക്കാൻ ശ്രമിക്കുന്നതിനുമുമ്പ് വെള്ളം കണ്ടെത്താനാണ് ശ്രമിക്കേണ്ടത്. പ്രസംഗപീഠത്തിൽ നിൽക്കുന്നവരെ നോക്കി ആളുകൾ അതിശയിക്കുന്നു, കാരണം അവരിൽ പരിശുദ്ധാത്മാവിന്റെ ശക്തിയില്ല. എഴുന്നേറ്റ് പ്രസംഗിക്കുവാൻ ശ്രമിക്കുന്നു. പക്ഷേ ഒന്നും പറയാൻ കഴിയുന്നില്ല. അവരുടെ ജോലി എന്ന നിലയിൽ സംസാരിപ്പാൻ ശ്രമിക്കുന്നു. പക്ഷേ കഴിയുന്നില്ല.

വേലയ്ക്കു വേണ്ടിയുള്ള ആത്മാവ് നമ്മിലിരിക്കുമ്പോൾ നാം അതിനായി അഭിഷിക്തരായിരിക്കുന്നു. അപ്പോൾ നമുക്ക് വൻകാര്യങ്ങൾ ചെയ്യാൻ കഴിയും. “ദാഹിച്ചിരിക്കുന്നെടത്തു ഞാൻ വെള്ളവും വരണ്ട നിലത്തു നീരൊഴുക്കുകളും പകരും. നിന്റെ സന്തതിമേൽ എന്റെ ആത്മാവിനേയും നിന്റെ സന്താനത്തിന്മേൽ എന്റെ അനുഗ്രഹത്തെയും പകരും” (യെശ. 44:3). “ നീതിക്കു വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ; അവർക്കു തൃപ്തിവരും” (മത്താ. 5:6).

**കവിഞ്ഞൊഴുകന്ന അരുവികൾ**

ജീവജലത്താൽ നിറഞ്ഞിരിക്കുന്ന ഒരു വ്യക്തിയെ കാണുന്നതിൽ എനിക്ക് സന്തോഷമുണ്ട്. കൂടുതൽ നിറഞ്ഞാൽ അതിനെ അവർക്ക് ഉൾക്കൊള്ളുവാൻ സാദ്ധ്യമല്ല. അധികം നിറഞ്ഞാൽ അവർ പുറത്തുപോയി ദൈവത്തിന്റെ കൃപയുടെ സുവിശേഷം പ്രസിദ്ധമാക്കും. ഒരുവൻ കൂടുതൽ നിറഞ്ഞാൽ അവന് അതിനെ അടക്കിവയ്ക്കുവാൻ സാദ്ധ്യമല്ല., അവൻ ദൈവവേലയ്ക്ക് എപ്പോഴും ഒരുക്കമായിരിക്കും.

ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ശക്തി നമ്മിൽ വസിക്കണം. അപ്പോൾ ലോകത്തെയും ജഡത്തേയും പിശാചിനെയും ജയിക്കാൻ നമുക്കു കഴിയും. പരിശുദ്ധാത്മാവിന്റെ ശക്തി നമ്മിൽ വസിക്കുമ്പോൾ പിരിമുറുക്കങ്ങളുടെ മേൽ, അഹങ്കാരത്തിന്മേൽ എല്ലാ ദുഷ്ടതയുടെയും മേൽ നമുക്ക് ജയമെടുക്കുവാൻ കഴിയും. ഈ പാപങ്ങൾ നമ്മുടെ കാൽ കീഴാകുമ്പോൾ ആളുകൾ വന്നു പറയും. ഇതെങ്ങനെ സംഭവിച്ചു? “ഈ ശക്തി എനിക്കു വേണം. എന്നിൽ ഇല്ലാത്തതെന്തോ അങ്ങയിലുണ്ട്. എനി ക്കു അതു വേണം.

ഈ സത്യം ദൈവം നമ്മെ പഠിപ്പിക്കട്ടെ. എന്തിനു രാത്രിയിൽ ഞങ്ങൾ വിചാരപ്പെടുന്നു. ഞങ്ങൾ വലത്തു ഭാഗത്തു ഞങ്ങളുടെ വല ഇറക്കട്ടെ. ഞങ്ങളുടെ പാപങ്ങളെ ക്ഷമിച്ച് ഉയരത്തിലെ ശക്തിയാൽ ഞങ്ങളെ അഭിഷേകം ചെയ്യുവാൻ ഞങ്ങൾ പ്രാർത്ഥിക്കട്ടെ. എന്നാൽ ഓർക്കുക. ഭയമില്ലാത്ത ഒരുവന് ദൈവം ഈ ശക്തി കൊടുക്കുകയില്ല. നമുക്കു വേണ്ടിയല്ല, ദൈവത്തിന്റെ മഹത്വത്തിനു തന്നെ എല്ലാം ആയിരിക്കട്ടെ. അങ്ങനെ ദൈവത്തിന്റെ ഇഷ്ടത്തിലേക്ക് നാം എത്തുമ്പോൾ ദൈവം നമ്മെ ധാരാളമായി അനുഗ്രഹിക്കും. അപ്പോൾ നമ്മുടെ അനുഗ്രഹം പൂർണ്ണമാവും.

ദൈവത്തിന്റെ അനുഗ്രഹത്തിന്റെ അളവ് അറിയാമോ? “കൊടുപ്പിൻ എന്നാൽ നിങ്ങൾക്ക് കിട്ടും; അമർത്തി കുലുക്കി കവിയു

(ശേഷം 5-ാംപേജിൽ)

# ദൈവം നമുക്കു ചുറ്റും തന്റെ പ്രവൃത്തിയിലാണ്

By Henry & Richard Blackaby and Claude King

" എന്റെ പിതാവ് ഇന്നു വരെയും പ്രവർത്തിക്കുന്നു; ഞാനും പ്രവർത്തിക്കുന്നു എന്ന് ഉത്തരം പറഞ്ഞു". ആകയാൽ യേശു അവരോട് ഉത്തരം പറഞ്ഞത്: ആമേൻ, ആമേൻ, ഞാൻ നിങ്ങളോട് പറയുന്നു: പിതാവ് ചെയ്തു കാണുന്നതല്ലാതെ പുത്രന് സ്വതേ ഒന്നും ചെയ്‌വാൻ കഴികയില്ല. അവൻ ചെയ്യുന്നതെല്ലാം പുത്രനും അവ്വണ്ണം തന്നെ ചെയ്യുന്നു. പിതാവ് പുത്രനെ സ്നേഹിക്കയും താൻ ചെയ്യുന്നത് ഒക്കെയും അവന് കാണിച്ചുകൊടുക്കയും ചെയ്യുന്നു. നിങ്ങൾ ആശ്ചര്യപ്പെടുമാറ് ഇവയിൽ വലിയ പ്രവൃത്തികളും അവന് കാണിച്ച് കൊടുക്കും" (യോഹ. 5:17, 19–20).

ദൈവത്തിന്റെ ഇഷ്ടം അറിയുവാനും അതു ചെയ്യുവാനും ചിന്തിക്കുമ്പോഴൊക്കെയും ഞാൻ എപ്പോഴും യേശുവിനെ നോക്കും. അവിടുത്തെക്കാൾ ശ്രേഷ്ഠമായൊരു മാതൃകാ പുരുഷനെ ഞാൻ കണ്ടിട്ടില്ല. യേശു പൂർണ്ണമായി ദൈവമായിരുന്നു എങ്കിലും അവിടുന്ന് പൂർണ്ണമായും മനുഷ്യനായിരുന്നു. മുപ്പത്തിമൂന്നരവർഷം നമ്മുടെ കർത്താവ് ഭൂമിയിലായിരുന്നപ്പോഴും പിതാവ് നൽകിയ ഉത്തരവാദിത്വങ്ങൾ പൂർണ്ണമായി നിറവേറ്റുകയത്രേ ചെയ്തത്. തന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നതിൽ യേശു ഒരിക്കലും പരാജയപ്പെട്ടിരുന്നില്ല. യേശു ഒരിക്കലും പാപം ചെയ്തില്ല.

യേശു പിതാവിന്റെ ഇഷ്ടം അറിയുവാനും അത് ചെയ്യുവാനും എങ്ങനെ വന്നു എന്ന് അറിയുവാൻ നിങ്ങൾക്ക് ആഗ്രഹമുണ്ടോ? യേശു തന്റെ പ്രവൃത്തികളെ മുകളിൽ പറഞ്ഞ വേദഭാഗത്തിൽ യോഹ. 5-ാം അദ്ധ്യായത്തിൽ വിവരിക്കുന്നു. ഇത് യേശു തന്റെ ശുശ്രൂഷയെ സംബന്ധിച്ച് നന്നായി അറിഞ്ഞിരുന്നു എന്നതിന്റെ തെളിവാണ്.

**ദൈവം നമ്മിൽ പ്രവർത്തിക്കുന്നു.**

ഒന്നമതായി ദൈവം എപ്പോഴും തന്റെ പ്രവർത്തിയിലാണ് എന്ന് യേശു തിരിച്ചറിഞ്ഞു. ഒരിക്കലും ദൈവം ലോകത്തെ സൃഷ്ടിച്ചിട്ട് അതിനെ തനിയെ പ്രവർത്തിപ്പാൻ വിട്ടിട്ട് പിന്മാറിയതല്ല. ദൈവം ഒരിക്കലും സ്വർഗ്ഗത്തിലെവിടെയെങ്കിലും സുരക്ഷിതമായ സ്ഥാനത്ത് വാസമുറപ്പിച്ചിട്ട് ഭൂമിയിലുള്ള പ്രവർത്തികളെ ആസ്വദിക്കുന്ന രീതിയിലല്ല. ദൈവം സജീവമായി പ്രവർത്തിക്കുന്ന ഒരു ചരിത്രമാണ്. നഷ്ടപ്പെട്ട ലോകത്തെ വീണ്ടെടുക്കുന്ന പ്രവൃത്തിയിലാണ് ദൈവം. തന്റെ വേലക്കാരെയും തന്റെ ജനത്തെയും തന്റെ പ്രവൃത്തിയിൽ ഉൾപ്പെടുത്താനായി ദൈവം ആഗ്രഹിക്കുന്നു.

***കർത്താവിൽ പ്രിയരേ,***

*നമ്മുടെ രക്ഷകനും വീണ്ടെടുപ്പുകാരനുമായ യേശുക്രിസ്തുവിന്റെ വാത്സല്യനാമത്തിൽ എല്ലാ "ആഗമനദൂതൻ "വായനക്കാർക്കും സ്നേഹവന്ദനം.*

*2017-ാം വർഷത്തിന്റെ നവംബർ മാസം നമ്മെ വിട്ട് കടന്നുപോയി. ഡിസംബർ മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.*

*" സർവ്വജനത്തിനും ഉണ്ടാവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു. അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം. ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം " (ലൂക്കൊ. 2:10-16).*

*യേശുക്രിസ്തു കന്യകാജനനത്തിൽ കൂടെ മനുഷ്യനായി അവതരിച്ചുവെങ്കിലും താൻ മനുഷ്യാതീതനായിരുന്നു. സകലത്തിന്റെയും ഉടയവനും സ്രഷ്ടാവുമായ ദൈവമാണ് ക്രിസ്തു. ദൈവത്തിനുമാത്രമുള്ള സ്വഭാവ വൈശിഷ്ട്യങ്ങൾ നാം ക്രിസ്തുവിൽ കാണുന്നു. യേശുവിന്റെ ജനനം തുടങ്ങി മരണം വരിക്കുന്നതുവരെയും കഷ്ടതയുടെ പാതയിലൂടെ മാത്രമേ യേശു കടന്നുപോയിട്ടുള്ളൂ. സകല ധനത്തിന്റെയും കർത്താവായിരുന്നു എങ്കിലും ഒരു ദരിദ്രകുടുംബത്തിലാണ് യേശു ജനിച്ചത്. ആ യേശു നിങ്ങളെ സ്നേഹിക്കുന്നു. നിങ്ങളുടെ സഹനശക്തിക്കപ്പുറമായി കഷ്ടതകളിലൂടെ കടന്നുപോകാൻ ദൈവം ഒരിക്കലും നിങ്ങളെ അനുവദിക്കുകയില്ല. അതിനാൽ നാം തളർന്നുപോകരുത്.*

*മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ* **IFSC code SBIN 0070028 A/c. No. 67342839891** *സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ തിരുവനന്തപുരം എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.*

*എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.*

*മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.*

*എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,*
*ബിന്ദു.എം*


# ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:8589901702

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: 9446590913, 9809882926
കരിത്തലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
**E-mail:bindhum1971@yahoo.in**
മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

# ഓരോരുത്തന്റെ പ്രവൃത്തി........... തീ തന്നെ ശോധന ചെയ്യും

By George D. Watson

"യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്നു ഇടുവാൻ ആർക്കും കഴികയില്ല. ആ അടിസ്ഥാനത്തിന്മേൽ ആരെങ്കിലും പൊന്ന്, വെള്ളി, വിലയേറിയ കല്ല്, മരം, പുല്ല് വൈക്കോൽ എന്നിവ പണിയുന്നു എങ്കിൽ അവനവന്റെ പ്രവൃത്തി വെളിപ്പെട്ടുവരും. ആ ദിവസം അതിനെ തെളിവാക്കും; അത് തീയോടെ വെളിപ്പെട്ടുവരും. ഓരോരുത്തന്റെ പ്രവൃത്തി ഇന്നവിധം എന്ന് തീ തന്നെ ശോധനചെയ്യും. ഒരുത്തൻ പണിത പ്രവൃത്തി നിലനില്ക്കും എങ്കിൽ അവന് പ്രതിഫലം കിട്ടും. ഒരുത്തന്റെ പ്രവൃത്തി വെന്തുപോയെങ്കിൽ അവന് ചേതം വരും; താനോ രക്ഷിക്കപ്പെടും എന്നാൽ തീയിൽ കൂടി എന്നപോലെയത്രേ". (1കൊരി. 3:11-15).

വേദപുസ്തകത്തിലെ പ്രധാനപ്പെട്ട ഒരു ഭാഗമാണിത്. നീതിമാന്റെ ന്യായവിധിയെ സംബന്ധിച്ച് അതിന്റെ പ്രകൃതിയും വ്യത്യസ്ത അനുഭവങ്ങളുമത്രേ ഇവിടെ പ്രസ്താവിക്കുന്നത്.

ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനവും അനുവഭവും എല്ലാം കർത്താവായ യേശുക്രിസ്തുവാണ്. "യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്ന് ഇടുവാൻ ആർക്കും കഴികയില്ല. ഈ അടിസ്ഥാനം രക്ഷിക്കുന്ന വിശ്വാസമാണ്. പരിശുദ്ധാത്മാവിനാൽ കർത്താവായ യേശുക്രിസ്തുവിന്റെ പ്രവൃത്തിയിൽ പങ്കാളികളാക്കുന്ന നല്ല പ്രവൃത്തികളും അതിനാധാരമാണ്. അതിന്റെ അർത്ഥം. കർത്താവായ യേശുക്രിസ്തുവിലൂടെയുള്ള നല്ല പ്രവൃത്തികളല്ലാതെ ഈ മുഴുലോകത്തിലും ഒരു മതത്തിലോ ഒരു വ്യക്തിയിലോ ആശ്രയിച്ചു രക്ഷപ്രാപിപ്പാൻ സാദ്ധ്യമല്ല.

നാം എല്ലാവരും ദൈവത്തിന്റെ ന്യായാസനത്തിനു മുമ്പാകെ നില്ക്കേണ്ടിവരും. എന്നാണ എന്റെമുമ്പിൽ എല്ലാ മുഴങ്കാലും മടങ്ങും എല്ലാ നാവും ദൈവത്തെ സ്തുതിക്കും എന്ന് കർത്താവ് അരുളിചെയ്യുഴവല്ലോ ആകയാൽ നമ്മിൽ ഓരോരുത്തൻ ദൈവത്തോട് കണക്ക് ബോധിപ്പിക്കേണ്ടിവരും". (റോമർ. 14:10-12).

"അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തീയതാകിലും അതിന് തക്കവണ്ണം പ്രാപിക്കേണ്ടതിന് നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു. ആകയാൽ കർത്താവിനെ ഭയപ്പെടേണം എന്ന് അറിഞ്ഞിട്ട് ഞങ്ങൾ മനുഷ്യരെ സമ്മതിപ്പിക്കുന്നു. എന്നാൽ ദൈവത്തിന് ഞങ്ങൾ വെളിപ്പെട്ടിരിക്കുന്നു എന്ന് ഞാൻ ആശിക്കുന്നു" (2കൊരി. 5:10,11).

"ഇതാ ഞാൻ വേഗം വരുന്നു; ഓരോരുത്തനു അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട്"(വെളി. 22:12).

ഇവിടെ രക്ഷയും പ്രതിഫലവും തമ്മിൽ തിരിച്ചറിയേണ്ടതാണ്, രക്ഷയും പ്രതിഫലവും തമ്മിലുള്ള വ്യത്യാസത്തെ സംബന്ധിച്ച് അനേക ഉന്നതന്മാരായ ക്രിസ്ത്യാനികൾ അജ്ഞരാണ്. നാം രക്ഷിക്കപ്പെട്ടിരിക്കുന്നത് "കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ മാത്രമാണ്; നമ്മുടെ പ്രവൃത്തികളൊന്നും അതിനു കാരണമല്ല" (എഫെ. 2:8,9). എന്നാൽ പ്രതിഫലം നമ്മുടെ പ്രവൃത്തിക്കനുസൃതമായാണ് നമ്മുടെ ശരീരത്തിൽ നാം ചെയ്യുന്ന് പ്രവൃത്തിക്കനുസരിച്ച് രക്ഷിക്കുന്ന വിശ്വാസം നൈമിഷികമാണ്; അതായത് ഒരു നിമീഷത്തിൽ സംഭവിക്കുന്നതാണ് എന്നാൽ നമ്മുടെ നല്ല പ്രവൃത്തികൾ പടിപടിയായുള്ളതും ഒരുമിച്ച് ചേർക്കാവുന്നവയുമാണ്. നമ്മുടെ പാപത്തെ ക്ഷമിക്കുവാനും നമ്മെ ശുദ്ധീകരിക്കുവാനും ഉള്ള നമ്മുടെ രക്ഷിക്കുന്ന വിശ്വാസം കർത്താവായ യേശുവിൽ മാത്രം ആശ്രയിച്ചിരിക്കുന്നു. രക്ഷിക്കുന്ന വിശ്വാസത്തിന്റെ ഭാഗമായി നമ്മുടെ കഴിവിനും അറിവിനും തക്കവണ്ണം നല്ല പ്രവൃത്തി ചെയ്യുന്നു.

രക്ഷിക്കുന്ന വിശ്വാസം നമ്മെ ദൈവരാജ്യത്തിലെ

(ശേഷം 4-ാം പേജിൽ)

## രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

| | |
|---|---|
| അംഗീകരിക്കുക | *ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായി ത്തീർന്നു (റോ.3:23)* |
| പശ്ചാത്തപിക്കുക | *അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചു പോകും (ലൂക്കൊ. 13;3)* |
| ഏറ്റുപറയുക | *നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)* |
| ഉപേക്ഷിക്കുക | *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.* |
| ശുദ്ധീകരിപ്പെടുക | *അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).* |
| വിശ്വസിക്കുക | *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യ ജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)* |
| സമർപ്പിക്കുക | *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)* |
| പ്രാപിച്ചെടുക്കുക | *യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)* |

(3-ാം പേജിന്റെ തുടർച്ച )

## ഓരോരുത്തന്റെ പ്രവൃത്തി....... തീ തന്നെ ശോധന ചെയ്യും

ത്തിക്കുന്നു. എന്നാൽ നല്ല പ്രവർത്തിക്കുള്ള പ്രതിഫലങ്ങൾ ദൈവരാജ്യത്തിലുള്ള നമ്മുടെ സ്ഥാനവും പദവിയും തീരുമാനിക്കുന്നു. രക്ഷിക്കുന്ന വിശ്വാസം ഈ കാലത്തിലെ നമ്മുടെ ജീവിതത്തിന് വേണ്ടിയുള്ളതാണ്. പ്രതിഫലം എന്നത് കർത്താവിന്റെ രണ്ടാം വരവിൽ ന്യായാസനത്തിൽ നിന്നുമാണ് കിട്ടുന്നത്.

നാം എല്ലാവരും രക്ഷിക്കപ്പെട്ടിരിക്കുന്നതു ഒരുപോലെയാണ് എന്നാൽ പ്രതിഫലം പ്രാപിക്കുന്നത് വ്യത്യസ്തരീതിയിലുള്ള നമ്മുടെ നല്ല പ്രവൃത്തികൾക്കനുസരിച്ചാണ്.

### കെട്ടിടപ്പണിയ്ക്കുള്ള വ്യത്യസ്തമായ സാധനസാമഗ്രികൾ

നാം ശ്രദ്ധിച്ചാൽ വിശ്വാസികൾ വിവിധ സാധനസാമഗ്രഹികൾകൊണ്ട് അടിസ്ഥാനം പണിയുന്നതു കാണാം. രക്ഷയ്ക്കായി ക്രിസ്തുവിൽ മാത്രം ആശ്രയിക്കുന്നവർ യഥാർത്ഥ അടിസ്ഥാനത്തിന്മേൽ നില്ക്കുന്നു. എന്നാൽ വിശ്വാസികളുടെ ജീവിതത്തിൽ ഒരു വ്യത്യാസമുണ്ട്. അവർ തെരഞ്ഞെടുക്കുന്ന നിർമ്മാണ സാധനങ്ങൾ അവരുടെ പ്രവൃത്തിയുടെ സ്വഭാവവും അവരുടെ പ്രതിഫലങ്ങൾ എല്ലാം വ്യത്യസ്തമാണ്.

ആറു വിധത്തിലുള്ള നിർമ്മാണസാധനങ്ങളെ സംബന്ധിച്ച് അപ്പോസ്തലൻ സംസാരിക്കുന്നു. ആദ്യം സ്വർണ്ണം, വെള്ളി വിലയേറിയ കല്ലുകൾ അഴിഞ്ഞുപോകാത്തവ; രണ്ടാമതായി മരം, പുല്ല് വൈക്കോൽ - നശിച്ചുപോകുന്നവ.

ഒരുവൻ ആത്മികനോ ജഡികനോ, രണ്ടും കൂടി ഇടകലർന്നവനോ ആയാലും അവന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ പ്രകാരം അവനിലുള്ള രക്ഷിക്കുന്ന കൃപയുടെ അളവിനനുസരിച്ച് അവൻ ആത്മിക ജീവിതത്തെ പണിയുകയാണ് ഓരോ ക്രിസ്ത്യാനിയും ചെയ്യുന്നത്.

വേദഭാഗം ശ്രദ്ധിച്ചാൽ വിശ്വാസികൾ യഥാർത്ഥ അടിസ്ഥാനമായ ക്രിസ്തുവിലാണ് പണിയുന്നതെങ്കിലും പണിയുന്ന വസ്തുക്കൾ വ്യത്യസ്ത സ്വഭാവമുള്ളതായി പകുതി ആത്മികവും പകുതി ജഡികവുമായി ക്രിസ്തീയ ജീവിതത്തിലും ശുശ്രൂഷയിലും ചെയ്യുന്നുവെങ്കിലും ന്യായവിധി ദിവസം വരെയും പൊന്നു വെള്ളി വിലയേറിയ കല്ലുകൊണ്ടാണോ, മരം പുല്ല്, വൈക്കോൽ എന്നിവ കൊണ്ടാണോ പണിയുന്നതെന്ന് വേർതിരിച്ചറിയുവാൻ സാദ്ധ്യമല്ല.

മിക്കവാറും ക്രിസ്തീയ ശുശ്രൂഷകന്മാർ ശരിയായി വിശുദ്ധീകരണം പ്രാപിച്ചവരോ പരിശുദ്ധാത്മാവിന്റെ പ്രകാശനം ഉള്ളവരോ അല്ല, പ്രസംഗത്തിൽ സത്യവും കള്ളവും പറയുന്നു; സ്വയവും ക്രിസ്തുവും ഉണ്ട്; ആത്മിക കാര്യങ്ങളും ഉണ്ട്. ജഡിക കാര്യങ്ങളും ഉണ്ട്. ഒരളവിൽ ക്രിസ്തുവിനെ മഹത്വപ്പെടുത്തുവാൻ അന്വേഷിക്കുന്നു. മറുഭാഗത്ത് സ്വയം മഹത്വമെടുക്കാൻ അന്വേഷിക്കുന്നു. ഇടകലർന്ന ഈ അനുഭവങ്ങളെ മറ്റുള്ളവരിലേക്ക് കടത്തിവിടാൻ ശ്രമിക്കുന്നു.

ദൈവത്തിന് അർപ്പിക്കുന്ന പ്രാർത്ഥനകളിൽ വർദ്ധിച്ച നിലയിൽ സ്വാർത്ഥത കുത്തി ചെലുത്തുവാൻ ശ്രമിക്കുന്നു. എല്ലാം കൂടെ ഇടകലർന്ന ഒരു പ്രകടനമായി പ്രാർത്ഥന മാറുമ്പോൾ അവരുടെ പ്രാർത്ഥന സ്വർഗ്ഗത്തിൽ എത്തുന്നില്ല.

മതപരമായ പഠിപ്പിക്കലുകളിൽ, പുസ്തകങ്ങളിലും വേദപുസ്തക പഠിപ്പിക്കലുകളിലും സത്യവും കള്ളവും കൂട്ടിക്കുഴച്ച് മതപരമായ വിശ്വാസപ്രമാണത്തേയും സംഘടനാതാല്പര്യങ്ങളെയും മുൻ നിറുത്തി ദൈവവചനത്തെ തങ്ങളുടെ ഇംഗിതപ്രകാരം വളച്ചൊടിക്കുന്നു.

മതപരമായ ലക്ഷ്യപ്രകാരം ദൈവത്തെ പ്രസാദിപ്പിക്കുന്ന പള്ളിപ്പണിയും മതപരമായ സ്ഥാപനങ്ങളും മിഷ്യനറി പ്രോഗ്രാമുകളും കുട്ടികളുടെയിടയിലെ പ്രവർത്തനങ്ങളും സ്വയമഹത്വത്തിനുവേണ്ടിയുള്ള പദ്ധതികളും എല്ലാം അടങ്ങിയിരിക്കുന്നു.

### നന്നായി വെളിപ്പെടുന്ന പ്രവൃത്തികൾ

ഏകസത്യദൈവമായ ദൈവം ആത്മീയ ജീവിതത്തെ ശോധനചെയ്ത് എത്രമാത്രം ആത്മിക നിലവാരമുണ്ട് എത്രമാത്രം ജഡികം ഉണ്ട് എന്നും വിവേചിക്കുന്നു.

ഒരു വിശ്വാസി ന്യായാസനത്തിനു മുമ്പിൽ നില്ക്കുമ്പോൾ സത്യത്തിനും കള്ളത്തിനും, സ്വയത്തിനും ആത്മിക ജീവിതത്തിനും തക്ക വിധിയുണ്ടായിട്ട് പൊന്ന്, വെള്ളി, വിലയേറിയ കല്ല് എന്നിവ കൊണ്ടുള്ള പണിയും തമ്മിൽ തീ തന്നെ ശോധന ചെയ്തു വെളിപ്പെടുത്തും ആ ദിവസം അതിനെ തെളിവാക്കും; അത് തീയോടെ വെളിപ്പെട്ടുവരും “ ഓരോരുത്തന്റെ പ്രവൃത്തി ഇന്നവിധം എന്ന് തീ തന്നെ ശോധനചെയ്യും” (1കൊരി. 3:13). ഈ വേദഭാഗം പരിശോധിച്ചാൽ ആ ന്യായനിധിക്കുമുമ്പ് ശരിയായൊരു മറുപടി നമുക്കു ലഭിക്കയില്ല. എന്നാൽ ആ ദിവസത്തിൽ ന്യായമായ ഒരു വിധിയുണ്ടാകും.

നമ്മുടെ പ്രവൃത്തികളുടെ വ്യക്തമായ ഒരു വിശദീകരണം നൽകുവാൻ ഈ ആയുസ്സിൽ നമ്മിൽ ആർക്കും കഴികയില്ല, കാരണം നമ്മുടെ ജീവിതത്തിൽ നന്മയും തിന്മയും കൂടിക്കുഴഞ്ഞാണ് കിടക്കുന്നത്. ഇന്നത്തെ മനസ്സിന്റെ ബലഹീനതകളും അതിന് കാരണമാണ്. നമ്മുടെ ജീവിതത്തിലെ ഒരു പ്രവൃത്തിയും അതിന്റെ പൂർണ്ണ അളവിൽ നമുക്ക് കാണുവാൻ കഴിയുകയില്ല. ആ പ്രവർത്തിയിൽ ധാർമ്മികമായോ ആത്മീകമോ ആയ ഒരു ഗുണമുണ്ടായിരിക്കും.

സമുദ്രത്തിൽ വെള്ളം ഉറഞ്ഞ് മഞ്ഞുകട്ടയായിത്തീരാറുണ്ട്. അതിന്റെ പത്തിൽ ഒൻപതു ഭാഗം വെള്ളത്തിനടിയിലായിരിക്കും പത്തിൽ ഒരു ഭാഗം മുകളിൽ കാണാൻ കഴിയും. നമ്മുടെ പ്രവൃത്തികളുടെ സ്വഭാവവും ഇടപെടലും വാക്കുകളും ഇതുപോലെയാണ്; അതിന്റെ ഒരു ഭാഗം മാത്രമേ നമുക്ക് പ്രത്യക്ഷത്തിൽ അറിയാൻ കഴികയുള്ളൂ. ബാക്കി ഒരു ആത്മിക സമുദ്രത്തിൽ മറഞ്ഞുകിടക്കും. അതിന്റെ പൂർണ്ണ അളവ് നമുക്ക് അറിയുവാനോ അളക്കുവാനോ സാദ്ധ്യമല്ല.

എന്നാൽ ഈ വേദഭാഗത്തിൽ നാം വായിക്കുന്നത് “ഓരോരുത്തന്റെ പ്രവൃത്തിയെ തീ തന്നെ ശോധന ചെയ്യും”. ശമുവേലിന്റെ അമ്മയായ ഹന്ന രണ്ടാം പ്രാവശ്യം ശീലോവിലേയ്ക്ക് പോകുമ്പോൾ തന്റെ കൊച്ചു കുട്ടിയായ തന്റെ മകനെ കർത്താവിന് കൊടുത്ത് സംസാരിക്കുമ്പോൾ ആ വാക്കുകളിൽ അത്ഭുതകരമായ പ്രവചനമുണ്ടായിരുന്നു. “ യഹോവ ജ്ഞാനമുള്ളദൈവം, അവൻ പ്രവൃത്തികളെ തൂക്കി നോക്കുന്നു ” (1ശമു. 2:3).

അത്ഭുതകരമായ അനുഭവം ദൈവം നമ്മുടെ പ്രവൃത്തിയെ തൂക്കി നോക്കുന്നു. നമ്മുടെ വാക്കുകൾ, ചിന്തകൾ എല്ലാം തൂക്കി നോക്കുന്നു. എല്ലാ സ്വഭാവത്തിന്റെയും പ്രവൃത്തിയെയും

(ശേഷം 8-ാം പേജിൽ)

(1-ാം പേജിന്റെ തുടർച്ച )

## വേലയ്ക്കുവേയുള്ള പരിശുദ്ധാത്മാവിന്റെ ശക്തി

ന്നൊരു നല്ല അളവ് നിങ്ങളുടെ മടിയിൽ തരും നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും” (ലൂക്കൊ. 6:38). നമ്മുടെ ഹൃദയം ദൈവവചനത്താൽ നിറഞ്ഞിരിക്കുന്നു എങ്കിൽ, സാത്താന് എങ്ങനെ അകത്തുവരുവാൻ കഴിയും? ദൈവത്തിന്റെ അളവ് നല്ല അളവാണ്. നിറഞ്ഞ അളവാണ്. കവിഞ്ഞൊഴുകുന്ന അളവാണത്. ഈ നിറവ് നിങ്ങൾ പ്രാപിച്ചിട്ടുണ്ടോ? അങ്ങനെയില്ലെങ്കിൽ അതിനായി അന്വേഷിക്കൂ. പറയുക, ദൈവത്തിന്റെ കൃപയാൽ ഞാൻ അതു പ്രാപിക്കും. ഈ കാര്യങ്ങൾ എനിക്ക് നൽകുക എന്നത് പിതാവിന്റെ ഇഷ്ടമാണത്രേ (ലൂക്കൊ. 12:32).

ഈ ലോകത്തിൽ ദൈവത്തിനുവേണ്ടി പ്രകാശിപ്പാൻ നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു. തന്റെ പ്രവൃത്തിക്കു വേണ്ടി നമ്മെ ഉയർത്തിയെടുക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. നാം തന്റെ പുത്രനെ സാക്ഷിപ്പാനുള്ള ശക്തി പ്രാപിക്കേണം എന്ന് ദൈവം ആഗ്രഹിക്കുന്നു. ലോകത്തിൽ തന്റെ നാമത്തെ സാക്ഷിക്കുവാനായി നമ്മെ ആക്കിയിരിക്കുന്നു. ദൈവം നമ്മെ ലോകത്തിൽ ആക്കിയിരിക്കുന്നത് വില്ക്കുവാനും വാങ്ങുവാനും ലോകത്തിൽ നേട്ടങ്ങളുണ്ടാക്കുവാനുമല്ല. പിന്നെ യോ ക്രിസ്തുവിനെ മഹത്വപ്പെടുത്തുവാനത്രേ. പരിശുദ്ധാത്മാവിന്റെ നിറവില്ലാതെ എങ്ങനെയാണ് അത് ചെയ്യുവാൻ കഴിയുക? ദൈവശക്തിയില്ലാതെ അത് എങ്ങനെ ചെയ്യാൻ കഴിയും?

ക്രിസ്തു പറഞ്ഞത്, “പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തിലഭിച്ചിട്ടു യരുശലേമിലും യഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്ന് പറഞ്ഞു” (അ.പ്ര. 1;8). പെന്തെക്കോസ്തുനാളിൽ, കർത്താവ് സ്വർഗ്ഗാരോഹണം ചെയ്തതിന്റെ പത്താം ദിവസം പരിശുദ്ധാത്മാവ് ശക്തിയോടെ ഇറങ്ങി വന്നു. ഒരു പക്ഷേ ചില ചോദ്യങ്ങളോ സംശയങ്ങളോ ദൈവശക്തിയെ സംബന്ധിച്ച് ലോകത്തിലുണ്ട്. ചിലർ ചിന്തിക്കുന്നതു പിന്നീടു ഒരിക്കലും ഇതുപോലെ വെളിപ്പെട്ടുവന്നില്ല എന്നും അങ്ങനെ വരാൻ സാദ്ധ്യതയില്ല എന്നുമാണ്.

### പുതിയ പകർച്ച

പ്രവൃത്തി. 4:31 വായിക്കുമ്പോൾ മറ്റൊരു പ്രാവശ്യം പരിശുദ്ധാത്മാവ് ശക്തിയോടെ അവർ ആയിരുന്ന സ്ഥലത്ത് ഇറങ്ങിയതായി കാണുന്നു. അവർ കൂടിയിരുന്ന സ്ഥലം കുലുങ്ങി എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി എന്ന് കാണുന്നു. യഥാർത്ഥ വസ്തുത എന്നത്, നാം ചോർച്ചയുള്ള പാത്രങ്ങളാണ്, ക്രിസ്തു നമ്മിൽ നിറയുവോളം ഉറവയുടെ കീഴിൽ ശരിയായി നമ്മെ ഏല്പിച്ചുകൊടുക്കേണ്ടതാണ്. അപ്പോൾ പുതിയ നിറവ് നമുക്കുണ്ടാകും. നമ്മിൽ പലർക്കും ഉണ്ടായിരിക്കുന്ന ഒരു അബദ്ധം എന്നത്, പത്തുവർഷം മുമ്പ് കിട്ടിയ കൃപ വച്ച് ദൈവത്തിന്റെ വേല ചെയ്യുവാൻ നാം ശ്രമിക്കുകയാണ്. വേണ്ടി വന്നാൽ നാം പറയും, ആ ശക്തിയോടെ തന്നെ ഞങ്ങൾ പോകും. എന്നാൽ നമുക്ക് ഒരു പുതിയ നിറവ്, പുതിയ അഭിഷേകം, പുതിയ ശക്തിയത്രേ ആവശ്യമായിരിക്കുന്നത്. നാം അതിനെ ആഗ്രഹിക്കയും തുടർച്ചയായി അന്വേഷിക്കയും ചെയ്യുമ്പോൾ നാം അത് പ്രാപിക്കും.

നേരത്തേയുള്ള വിശ്വാസികൾ അതിനുവേണ്ടി പഠിപ്പിക്കപ്പെട്ടവരാണ്. ഫിലിപ്പോസ് ശമര്യയിലേക്കുപോയി. ആ വാർത്ത ദേശം അറിഞ്ഞു. ശമര്യയിൽ വലിയൊരു ദൈവപ്രവൃത്തിയുണ്ടായി. ധാരാളം ആളുകൾ മാനസാന്തരപ്പെട്ടു. പത്രോസും യോഹന്നാനും ഇറങ്ങിവന്നു, അവരുടെമേൽ കൈവച്ചു. ശുശ്രൂഷയ്ക്കുവേണ്ടിയുള്ള ദൈവശക്തി അവർ പ്രാപിച്ചു. അതിനുവേണ്ടിയാണ് നാം ആഗ്രഹിക്കേണ്ടത്. ദൈവത്തിന്റെ മഹത്വത്തിനും ദൈവസഭയുടെ വളർച്ചയ്ക്കും ദൈവം നമ്മെ ശക്തിയായി ഉപയോഗിക്കും. പ്രവൃത്തി 19:1-ൽ വായിക്കുമ്പോൾ “അപ്പല്ലോസ് കൊരിന്തിൽ ഇരിക്കുമ്പോൾ പൗലൊസ് ഉൾപ്രദേശങ്ങളിൽ കൂടി സഞ്ചരിച്ച് എഫെസോസിൽ എത്തി ചില ശിഷ്യന്മാരെ കണ്ടു. നിങ്ങൾ വിശ്വസിച്ചിട്ട് പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ എന്ന് അവരോട് ചോദിച്ചതിന് പരിശുദ്ധാത്മാവ് ഉണ്ടെന്നു പോലും ഞങ്ങൾ കേട്ടിട്ടില്ല എന്ന് അവർ പറഞ്ഞു”. എഫെസോസിലുള്ള ഈ സഹോദരന്മാരോട് ചോദിച്ചാൽ, വിശ്വസിച്ചിട്ട് പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ? അവർ മറുപടി പറയുന്നത്, ഏതർത്ഥത്തിലാണ് നിങ്ങൾ ചോദിക്കുന്നത് എന്ന് ചോദിക്കും. ഈ തലമുറയിൽ എഫെസോസിലെ ശിഷ്യന്മാരെപ്പോലെ, ദൈവമക്കൾക്ക് ദൈവത്തിന്റെ പരിശുദ്ധാത്മാവുമായി പ്രത്യേകിച്ച് ഒരു ബന്ധം ആവശ്യമാണ് എന്ന വിവരം അവർ അറിയുന്നില്ല.

ഞാൻ വിശ്വസിക്കുന്നത്, പലപ്പോഴും സഭ ഇത് മറച്ചു വച്ചു അല്ലെങ്കിൽ തെറ്റിദ്ധരിച്ചു. അതുകൊണ്ട് സംഭവിച്ചത് ക്രിസ്ത്യാനികൾക്ക് ശക്തിയില്ലാതെയായി. അതുകൊണ്ട് സഭയിലേക്ക് ആളുകൾ വരുന്നില്ല. എന്നാൽ പരിശുദ്ധാത്മശക്തിയുടെ അഭിഷേകം ഉണ്ടെങ്കിൽ ആളുകൾ മാനസാന്തരപ്പെട്ട് സഭയോട് ചേർന്നുവരും.

### ദാഹമുള്ളേടത്തു നീരൊഴുക്കുകളെ പകരുന്നു.

ഇന്നത്തെ പല സഭകളും വരണ്ട മരുഭൂമി പോലെയായിരിക്കുന്നു, വരൾച്ചയും ഏകാന്തതയും പ്രത്യക്ഷത്തിൽ ജീവന്റെ യാതൊരു ലക്ഷണവുമില്ല. എന്നാൽ അവർക്കു പരിശുദ്ധാത്മാവിന്റെ ശക്തി പ്രാപിക്കാൻ കഴിയും, ഒരു പച്ചവൃക്ഷമായിരിക്കാൻ കഴിയും, അവർ ഫലം പുറപ്പെടുവിക്കും, നന്മയും അനുഗ്രഹം പ്രാപിക്കും. എന്താണ് ഈ വ്യത്യാസം? ഊഷരഭൂവിൽ ദൈവം വെള്ളം പകർന്നു എന്നു മാത്രമേയുള്ളൂ. ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ശക്തിയെ അന്വേഷിക്കുന്നവൻ അതിനെ പ്രാപിക്കുന്നു. മറ്റെന്തിനെക്കാളുമുപരി അതിനെ ആഗ്രഹിക്കമ്പോൾ അതിനെ പ്രാപിക്കുന്നു. ഒരു വലിയ ചോദ്യം അവശേഷിക്കുന്നത്, നിങ്ങൾക്കത് ആവശ്യമുണ്ടോ? അതിനെ ആഗ്രഹിക്കുന്നുവോ?

ഞാൻ ആദ്യമായി ഇംഗ്ലണ്ടിൽ ചെല്ലുമ്പോൾ, ആദ്യമായി ശുശ്രൂഷീക്കുന്ന ശുശ്രൂഷകന്മാരുടെ ഒരു യോഗത്തിൽ വേദപുസ്തക വായനയെ സംബന്ധിച്ച് സംസാരിച്ചു. ഇംഗ്ലീഷ് തിയോളജിയെക്കുറിച്ച് എനിക്ക് വലിയ പരിചയം ഇല്ലായിരുന്നു. അവരുടെ വിശ്വാസ പ്രമാണങ്ങളിൽ നിന്നും ഞാൻ വ്യതിചലിക്കുകയാണോ എന്നും ഞാൻ ഭയപ്പെട്ടു. ശുശ്രൂഷയ്ക്ക് പരിശുദ്ധാത്മശക്തിയുടെ ആവശ്യകതയെക്കുറിച്ചും ഞാൻ സംസാരിച്ചു. ഒരു ശുശ്രൂഷകൻ തന്റെ കൈകളിൽ മുഖമമർത്തി കുനിഞ്ഞിരിക്കുന്നത് ഞാൻ കണ്ടു. ഞാൻ സംസാരിച്ചത് അദ്ദേഹത്തിന് ഇഷ്ടമായില്ല എന്ന് ഞാൻ ചിന്തിച്ച് ഭയപ്പെട്ടു. എന്റെ ശുശ്രൂഷയ്ക്കൊടുവിൽ ആ

(ശേഷം 6-ാംപേജിൽ)

(5-ാം പേജിന്റെ തുടർച്ച)

## വേലയ്ക്കുവേയുള്ള പരിശുദ്ധാത്മാവിന്റെ ശക്തി

മനുഷ്യൻ എഴുന്നേറ്റ് തന്റെ വഴിക്കുപോയി. അപ്പോൾ ഞാൻ ചിന്തിച്ചു, ഞാൻ ഒരിക്കലും അദ്ദേഹത്തെ കാണാൻ സാദ്ധ്യത ഇല്ല എന്ന്. അടുത്ത യോഗത്തിൽ ഞാൻ നോക്കി അദ്ദേഹം അവിടെയുണ്ടായിരുന്നില്ല. അതിനടുത്ത ദിവസവും നോക്കി അന്നും അദ്ദേഹം വന്നില്ല. എന്റെ പഠിപ്പിക്കൽ അദ്ദേഹത്തിനിഷ്ടമായില്ല എന്ന് എനിക്കു തോന്നി.

കുറച്ചു ദിവസങ്ങൾക്കു ശേഷം നടന്ന ഒരു വലിയ യോഗത്തിൽ ഞാൻ അദ്ദേഹത്തെ കണ്ടു. അദ്ദേഹത്തിന്റെ മുഖം വളരെ പ്രകാശമേറിയതായിരുന്നു. അദ്ദേഹം ചില ദിവസങ്ങൾ ദൈവത്തോടുകൂടെയായിരുന്നു. ഞാൻ അദ്ദേഹത്തെ ഉറ്റുനോക്കി. അതെ, ആ മനുഷ്യൻ തന്നെ. ഞാൻ വളരെ സന്തോഷമുള്ളവനായിരുന്നു. അദ്ദേഹം പറഞ്ഞു, ഞാൻ കുറെ ദിവസങ്ങൾ വേദപുസ്തക വായനയിലായിരുന്നു. അദ്ദേഹം ദൈവശബ്ദം കേട്ടു. സുവിശേഷം പ്രസംഗിക്കുവാൻ പരിശുദ്ധാത്മാവിന്റെ ശക്തി ആവശ്യമാണെന്ന് താൻ മനസിലാക്കി. അദ്ദേഹം വീട്ടിൽ ചെന്നു. തന്റെ ദൈവത്തോട് വളരെ താല്പര്യമായി കരഞ്ഞു. തന്റെ പാപങ്ങളെ ഏറ്റുപറഞ്ഞു കരഞ്ഞു. തന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടു. തന്റെ ഹൃദയം ശൂന്യമായി ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടു. താൻ പറഞ്ഞു, ദൈവം എന്റെ പ്രാർത്ഥനയ്ക്ക് മറുപടി നൽകി.

ആറുമാസങ്ങൾക്ക് ശേഷം അദ്ദേഹത്തെ എഡിൻബർഗ്ഗ് എന്ന സ്ഥലത്തുവച്ച് കണ്ടു. അദ്ദേഹം എന്നോടു പറഞ്ഞത് ആ ദിവസങ്ങളിൽ ഓരോ സന്ധ്യയിലും സുവിശേഷം പ്രസംഗിച്ചു. അദ്ദേഹം പറഞ്ഞത് മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്തവണ്ണം ശുശ്രൂഷയെ ദൈവം വ്യത്യാസപ്പെടുത്തി, മാത്രമല്ല, പിന്നീടുള്ള നാലു മാസത്തേയ്ക്ക് എല്ലാ ദിവസവും പ്രസംഗിക്കുവാനായി തനിക്ക് യോഗങ്ങളും ക്രമീകരിക്കപ്പെട്ടു. മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത ആത്മപ്പകർച്ച ഓരോ യോഗത്തിലും വ്യാപരിപ്പാനിടയായി. കാരണം അദ്ദേഹത്തിന്റെ ഹൃദയത്തെ ശൂന്യമാക്കിയിട്ട് ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ശക്തി പ്രാപിക്കുവാനിടയായി. പുതിയ അഭിഷേകത്താൽ നിറയപ്പെട്ടപ്പോൾ ആളുകൾ അത് മനസ്സിലാക്കി തന്റെ അടുക്കൽ വരാൻ തുടങ്ങി. അനേകർക്ക് തന്റെ ശുശ്രൂഷ അനുഗ്രഹമായിത്തീരുവാൻ ഇടയായി.

മറ്റൊരു പ്രായമുള്ള ശുശ്രൂഷകനെ ഞാൻ ഓർക്കുന്നു. അദ്ദേഹം പറഞ്ഞത് ഞാൻ ഒരു ഹൃദയസംബന്ധമായ രോഗമുള്ള ആളാണ്. ആഴ്ചയിൽ ഒരു പ്രാവശ്യത്തിൽ കൂടുതൽ പ്രസംഗിക്കുവാനും ഭവനസന്ദർശനത്തിനുമായി മറ്റൊരാളെ നിയമിച്ചിരുന്നു. അദ്ദേഹം ഞാൻ നടത്തിയ അഭിഷേകത്തിന്റെ ശുശ്രൂഷയിൽ പങ്കെടുത്തു. ഈ അഭിഷേകത്തെ ഞാനും ആഗ്രഹിക്കുന്നു എന്ന് പറഞ്ഞു. ഞാൻ മരിക്കുന്നതിനു മുമ്പ് ആത്മാവിന്റെ ശക്തിയോടെ പ്രസംഗിക്കുവാൻ അദ്ദേഹം ആഗ്രഹിക്കുന്നതായി പറഞ്ഞു. അദ്ദേഹം ദൈവത്തോട് പ്രാർത്ഥിച്ചു.

അധികം താമസിയാതെ ഞാൻ അദ്ദേഹത്തെ കണ്ടുമുട്ടി. എന്നോട് പറഞ്ഞത്, ആഴ്ചയിൽ ശരാശരി എട്ട് പ്രസംഗങ്ങൾ ചെയ്യുവാൻ എനിക്കു സാധിക്കുന്നു, മാത്രമല്ല, ധാരാളം ആളുകൾ മാനസാന്തരപ്പെടുന്നത് കാണുവാനും കഴിയുന്നു.

ദൈവം തന്റെ ജനത്തെ അഭിഷേകം ചെയ്യട്ടെ! ശുശ്രൂഷയെമാത്രമല്ല, ഓരോ ശിഷ്യന്മാരെയും അവിടുന്ന് അഭിഷേകം ചെയ്യട്ടെ. ശുശ്രൂഷകന്മാർ മാത്രം അഭിഷേകത്താൽ നിറഞ്ഞാൽ മതി എന്ന് ചിന്തിക്കരുത്. പ്രസംഗിക്കുന്ന ആൾ മാത്രമല്ല, സണ്ടേസ്കൂൾ പഠിപ്പിക്കുന്നവരും സഭയിലെ ഓരോ അംഗങ്ങളും ഈ അഭിഷേകം പ്രാപിക്കേണ്ടതാണ്. നമുക്ക് എല്ലാവർക്കും ഇത് ആവശ്യമുണ്ട്. അത് പ്രാപിക്കുന്നതുവരെ രാവും പകലും അതിനായി കാത്തിരിക്കണം. നമ്മുടെ ഹൃദയത്തിലെ ഏറ്റവും വലിയ ആഗ്രഹമാണെങ്കിൽ ദൈവം അത് നമുക്ക് തരും. അങ്ങനെ നാം പറയണം. ദൈവമേ എന്നെ സഹായിക്കണമേ, ഉയരത്തിലെ ശക്തിയാൽ എന്നെ നിറയ്ക്കണമേ.

❖

(2-ാം പേജിന്റെ തുടർച്ച )

## ദൈവം നമുക്കു ചുറ്റും തന്റെ പ്രവൃത്തിയിലാണ്

പൗലൊസ് ഈ കാര്യം കൊരിന്തിലെ സഭയോട് സംസാരിക്കുന്നുണ്ട്. "ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു, പഴയതു കഴിഞ്ഞുപോയി. ഇതാ, അതു പുതുതായിത്തീർന്നിരിക്കുന്നു. അതിനൊക്കെയും ദൈവം തന്നെ കാരണഭൂതൻ അവൻ നമ്മെ തന്മൂലം തന്നോട് നിരപ്പിച്ചു, നിരപ്പിന്റെ ശുശ്രൂഷ ഞങ്ങൾക്ക് തന്നിരിക്കുന്നു. ദൈവം ലോകത്തിനു ലംഘനങ്ങളെ കണക്കിടാതെ ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചു പോന്നു". (2കൊരി,5:17-20)

## ദൈവം നമുക്കു ചുറ്റും തന്റെ പ്രവൃത്തിയിലാണ്

ഈ നിരപ്പിന്റെ വചനം ഞങ്ങളുടെ പക്കൽ ഭരമേല്പിച്ചുമിരിക്കുന്നു. ആകയാൽ ഞ ങ്ങൾ ക്രിസ്തുവിനുവേണ്ടി സ്ഥാനാപതികളായി ദൈവത്തോട് നിരന്നുകൊൾവിൻ എന്ന് ക്രിസ്തുവിനുപകരം അപേക്ഷിക്കുന്നു.

ദൈവം ലോകത്തിൽ തന്റെ പ്രവർത്തിയിലാണ്. ദൈവം തനിക്ക് നമ്മോടുള്ള സ്നേഹത്താൽ തന്നോടുകൂടെ തന്റെ സ്ഥാനാപതികളായി വേല ചെയ്യുവാനുള്ള പദവി നമുക്കു തന്നിരിക്കുന്നു. നമ്മിൽ കൂടെ തന്റെ പ്രവൃത്തി ചെയ്യുവാൻ ദൈവം എപ്പോഴും കൂടെയുണ്ട്.

തന്റെ പിതാവ് പ്രവർത്തിച്ചുകൊണ്ടിരുന്നു എന്ന് അംഗീകരിക്ക മാത്രമല്ല യേശു ചെയ്തത് തന്നിലൂടെ ദൈവം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നു പറഞ്ഞു. പിന്നെ യേശു ദൈവത്തിന്റെ ഇഷ്ടം അറിയുവാനും അത് ചെയ്യുവാനും ഉള്ള തന്റെ സമീപനത്തെക്കുറിച്ച് വിശദീകരിക്കയും ചെയ്യുന്നു. അതിനെ നമുക്ക് ഇങ്ങനെ ക്രോഡീകരിക്കാം.

### യേശുവിന്റെ മാതൃക

പിതാവ് ഇതുവരേയും പ്രവർത്തിച്ചുകൊണ്ടിരിക്കയായിരുന്നു. ഇപ്പോൾ പിതാവിനു പ്രവർത്തിക്കുവാൻ ഞാനുണ്ട്. എനിക്കുവേണ്ടി ഞാൻ ഒന്നും ചെയ്യുന്നില്ല. എന്റെ പിതാവ് എന്ത് ചെയ്യുന്നു എന്ന് കാണ്മാൻ ഞാൻ ശ്രദ്ധിക്കുന്നു. എന്റെ പിതാവ് ചെയ്യുന്നത് ഞാനും ചെയ്യുന്നു.

പിതാവ് എന്ന സ്നേഹിക്കുന്നു എന്ന് നിങ്ങൾ അറിയുന്നു. പിതാവ് താൻ ചെയ്യുന്നതിനെ അവിടുന്ന് എന്നെ കാണിക്കുന്നു.

### യേശുവിൽ കൂടെ ചെയ്യുന്ന പിതാവിന്റെ വേല

യേശുവിന്റെ ഈ പ്രസ്താവനകൾ ദൈവിക യാഥാർത്ഥ്യങ്ങളുടെ അടിസ്ഥാന മൂലകങ്ങളെയാണ് വെളിപ്പെടുത്തുന്നത്. ദൈവം തന്റെ പ്രവൃത്തിയിലാണ്. പിതാവായ ദൈവം പുത്രനെ സ്നേഹിക്കയും താൻ ചെയ്യുന്ന പ്രവർത്തി ചെയ്യുവാൻ ക്ഷണിക്കയും ചെയ്യുന്നു. യേശു പിതാവിന്റെ

(6-ാം പേജിന്റെ തുടർച്ച )

## വേലയ്ക്കുവേയുള്ള പരിശുദ്ധാത്മാവിന്റെ ശക്തി

ഇഷ്ടം ചെയ്യുവാൻ മുമ്പോട്ടു വരികയും ചെയ്യുന്നു. ഈ ബന്ധത്തെപ്പറ്റി യേശു പലപ്പോഴും പറഞ്ഞിട്ടുണ്ട്. യേശു അവരോട് പറഞ്ഞത് “ എന്റെ ഉപദേശം എന്റേതല്ല, എന്നെ അയച്ചവന്റേതത്രേ ” (യോഹ. 7:16).

“ആകയാൽ യേശു: നിങ്ങൾ മനുഷ്യപുത്രനെ ഉയർത്തിയശേഷം ഞാൻ തന്നെ അവൻ എന്നും ഞാൻ സ്വയമായിട്ട് ഒന്നും ചെയ്യാതെ പിതാവ് എനിക്ക് ഉപദേശിച്ചു തന്നതുപോലെ ഇത് സംസാരിക്കുന്നു എന്നും അറിയും ” (യോഹ. 8:28).

“ ഞാൻ എന്റെ പിതാവിന്റെ പ്രവർത്തി ചെയ്യുന്നില്ലെങ്കിൽ എന്നെ വിശ്വസിക്കണ്ടാ ചെയ്യുന്നു എങ്കിലോ എന്നെ വിശ്വസിക്കാതിരുന്നാലും പിതാവ് എന്നിലും ഞാൻ പിതാവിലും എന്ന് നിങ്ങൾ ഗ്രഹിച്ചറിയേണ്ടതിന് പ്രവർത്തിയെ വിശ്വസിപ്പിൻ ” (യോഹ. 10:38).

“ ഞാൻ സ്വയമായി സംസാരിച്ചിട്ടില്ല; എന്നെ അയച്ച പിതാവു തന്നെ ഞാൻ ഇന്നതു പറയേണം എന്നും ഇന്നത് സംസാരിക്കേണമെന്നും കല്പന തന്നിരിക്കുന്നു ” (യോഹ. 12:49).

“ ഞാൻ പിതാവിലും പിതാവ് എന്നിലും ആകുന്നു എന്ന് നീ വിശ്വസിക്കുന്നില്ലയോ? ഞാൻ നിങ്ങളോടു പറയുന്ന വചനം സ്വയമായിട്ടല്ല സംസാരിക്കുന്നത്; പിതാവ് എന്നിൽ വസിച്ചു കൊണ്ട് തന്റെ പ്രവർത്തി ചെയ്യുന്നു ” (യോഹ. 14:10).

**നീ എനിക്ക് തന്ന വചനം ഞാൻ അവർക്കു കൊടുത്തു.** (യോഹ.17:8).

യേശുവിന് പിതാവുമായുള്ള ബന്ധം പിന്നത്തേതിൽ പത്രോസ് മനസ്സിലാക്കി. താൻ പറയുന്നത് യിസ്രായേൽ പുരുഷന്മാരേ അവനെക്കൊണ്ട് നിങ്ങളുടെ നടുവിൽ ചെയ്യിച്ച ശക്തികളും അത്ഭുതങ്ങളും അടയാളങ്ങളും കൊണ്ട് ദൈവം നിങ്ങൾക്ക് കാണിച്ചു തന്ന പുരുഷനായി നസറാനായ യേശുവിനെ ” (അ.പ്ര.2:22). പിതാവായ ദൈവം പുത്രനായ ക്രിസ്തുവിലൂടെ തന്റെ പ്രവർത്തി ചെയ്തു.

യേശു താൻ സ്വയമായിട്ട് ഒന്നും ചെയ്തിട്ടില്ല എന്ന് യേശു വ്യക്തമാക്കി. യേശു പിതാവായ ദൈവത്തിൽ ആശ്രയിച്ചു എങ്കിൽ ഞാനും നിങ്ങളും പിതാവ് നമ്മിലും നമ്മിൽ കൂടെയും ചെയ്യുന്ന പ്രവർത്തികൾ ദൈവം പുത്രനായ ക്രിസ്തുവിലൂടെ തന്റെ പ്രവർത്തി ചെയ്തു.

യേശു താൻ സ്വയമായിട്ട് ഒന്നും ചെയ്തിട്ടില്ല എന്ന് യേശു വ്യക്തമാക്കി. യേശു പിതാവായ ദൈവത്തിൽ ആശ്രയിച്ചു എങ്കിൽ ഞാനും നിങ്ങളും പിതാവ് നമ്മിലും നമ്മിൽ കൂടെയും ചെയ്യുന്ന പ്രവർത്തികൾ സംബന്ധമായും എത്രമാത്രം പിതാവിൽ ആശ്രയിക്കണം.

ഇത് ദൈവത്തിന്റെ ഇഷ്ടം അറിയുവാനും ചെയ്യുവാനും ഉള്ള പടിപടിയായുള്ള ഒരു സമീപനമല്ല. പിതാവ് താൻ സ്നേഹിക്കുന്ന പുത്രനിലൂടെ തന്റെ ഉദ്ദേശം നിവർത്തിച്ചെടുക്കുകയാണ് ചെയ്യുന്നത്. ഒരിക്കൽ നിങ്ങൾക്ക് ദൈവവുമായി ഒരു നല്ല ബന്ധമുണ്ടായിരുന്നു, അവിടുന്ന് തന്റെ ഇഷ്ടം നമ്മെ അറിയിക്കും. ദൈവത്തിന്റെ വേലക്കാരൻ എന്ന നിലയിൽ നാം യേശുവിന്റെ മാതൃക പിൻപറ്റേണ്ടതാണ്. പിതാവിന്റെ പ്രവർത്തി ചെയ്യണം എവിടെയാണ് ദൈവം തന്റെ പ്രവർത്തി ചെയ്യുന്നത് എന്ന് മനസ്സിലാക്കി ആ പ്രവൃത്തി നാം ചെയ്യണം!

പിതാവിന്റെ പ്രവർത്തി ചെയ്യുവാൻ ഞാൻ ആഗ്രഹിക്കുമ്പോൾ എന്തിനുവേണ്ടിയാണ് ഞാൻ കാത്തിരിക്കേണ്ടത്?

**വിദ്യാർത്ഥികളുടെയിടയിലെ ദൈവപ്രവൃത്തിക്കായി കാത്തിരിക്കുന്നു.**

സസ്കറ്റൂൺ എന്ന സ്ഥലത്ത് ഒരു ബാപ്റ്റിസ്റ്റ് സഭയിൽ ഞാൻ ശുശ്രൂഷിക്കുമ്പോൾ കോളജ് വിദ്യാർത്ഥികളുടെയിടയിൽ ഒരു പ്രവർത്തനത്തെക്കുറിച്ച് ചിന്തിക്കുവാനിടയായി. ഞങ്ങളുടെ സംഘടനയുടെ നേതാക്കളും അതിന് ഞങ്ങൾക്ക് പ്രോത്സാഹനം തന്നു. വിദ്യാർത്ഥികളുടെ ഡോർമിറ്ററികളിൽ ഒരു ബൈബിൾ സ്റ്റഡി നടത്തുന്നതിനെക്കുറിച്ച് രണ്ട് വർഷം ഞങ്ങൾ പരിശ്രമിച്ചു. എന്നാൽ അതു ഫലവത്തായില്ല.

ഒരു ഞായറാഴ്ച എന്റെ സഭയിൽ വിദ്യാർത്ഥികളായവരോടായി ഞാൻ പറഞ്ഞു. കോളജ് വിദ്യാർത്ഥികളുടെയിടയിൽ പ്രവർത്തിക്കുന്ന ദൈവത്തിന് കൂട്ടുപ്രവർത്തകരായി ത്തീരുവാൻ അവിടെ ദൈവം ചെയ്യുന്ന പ്രവൃത്തിയെ കാണുവാൻ നമുക്കു അങ്ങോട്ട് പോകാം എന്ന് അവരോട് പറഞ്ഞു. അവർ എന്നോട് വിശദീകരണം ചോദിച്ചു. ദൈവം അവരോട് പറയുവാൻ രണ്ട് വാക്യങ്ങൾ എന്റെ ഹൃദയത്തിൽ തന്നു; “ നീതിമാൻ ആരുമില്ല. ഒരുത്തൻ പോലുമില്ല. ദൈവ ത്തെ അന്വേഷിക്കുന്നവനും ഇല്ല ” (റോമർ. 3:10,11) എന്നെ അയച്ച പിതാവ് ആകർഷിച്ചിട്ടല്ലാതെ ആർക്കും എന്റെ അടുക്കൽ വരുവാൻ കഴികയില്ല ”(യോഹ. 6:44).

ഞാൻ വിശദീകരണം പറഞ്ഞു “ ഈ വേദഭാഗങ്ങൾ പ്രകാരം തന്റെ ഇഷ്ടപ്രകാരം ആരും ദൈവത്തെ അന്വേഷിക്കുന്നില്ല. ദൈവം തന്റെ ജീവിതത്തിൽ പ്രവർത്തിക്കുന്നില്ലെങ്കിൽ ആത്മിക കാര്യങ്ങളെക്കുറിച്ച് ആർക്കും ചിന്തിക്കാൻ സാദ്ധ്യമല്ല. ഒരുവൻ ദൈവത്തെ അന്വേഷിക്കുന്നതായി നിങ്ങൾ കാണുമ്പോൾ ദൈവത്തിലാണ് നിങ്ങൾ കാണുന്നത്. അത് ദൈവത്തിന് മാത്രം ചെയ്യാൻ കഴിയുന്ന കാര്യമാണ്.

ഉദാഹരണമായി, യേശു ഒരു ജനക്കൂട്ടത്തിലൂടെ കടന്നു പോകുമ്പോൾ, അവിടെയുള്ള പിതാവിന്റെ പ്രവർത്തിയെ യേശു നോക്കിക്കണ്ടു. ജനം കൊയ്ത്തിന്റെ നിലം ആയിരുന്നില്ല. കൊയ്ത്തിന്റെ നിലം ജനത്തിന്റെ ഇടയിലുണ്ടയിരുന്നു. യെരിഹോവിൽ ഒരു മരത്തിൽ യേശു സക്കായിയെ കണ്ടു. യേശു തന്നോടു തന്നെ ഇങ്ങനെ പറഞ്ഞിരിക്കാം എന്റെ പിതാവ് അവന്റെ ഹൃദയത്തിൽ പ്രവർത്തിച്ചില്ലെങ്കിൽ ആർക്കും വിശ്വസ്തയോടെ എന്നെ അന്വേഷിപ്പാൻ സാദ്ധ്യമല്ല. അതുകൊണ്ട് യേശു ജനത്തെ തള്ളി മാറ്റിയിട്ട് ഇങ്ങനെ പറഞ്ഞു. “ സക്കായിയേ വേഗം ഇറങ്ങിവാ; ഞാൻ ഇന്ന് നിന്റെ വീട്ടിൽ പാർക്കേണ്ടതാകുന്നു ” (ലൂക്കൊ. 19:5). എന്ത് സംഭവിച്ചു. അന്നു രാത്രി രക്ഷ അവന്റെ വീട്ടുകാരിലേയ്ക്ക് വന്നു. യേശു എപ്പോഴും തന്റെ പിതാവിന്റെ പ്രവർത്തികളെ കണ്ട് അതിനോടു കൂട്ടു ചേരുകയാണ് ചെയ്തത്. തന്റെ പിതാവിന്റെ പ്രവർത്തികളോട് കൂട്ടുചേരുവാൻ ഇടയായി എന്നതിനാൽ യേശുവിലൂടെ രക്ഷ സംഭവിക്കുകയാണ്.

ഞാൻ എന്റെ വിദ്യാർത്ഥികളോടു പറഞ്ഞു, ആരെങ്കിലും നിങ്ങളോടു ആത്മിക കാര്യങ്ങളെ സംബന്ധിച്ച ചോദ്യങ്ങൾ ചോദിച്ചാൽ

(ശേഷം 8-ാം പേജിൽ )

(7-ാം പേജിന്റെ തുടർച്ച )

## വേലയ്ക്കുവേയുള്ള പരിശുദ്ധാത്മാവിന്റെ ശക്തി

നിങ്ങൾ പ്ലാൻ ചെയ്തിരുന്ന പദ്ധതികളെ മാറ്റി വച്ചിട്ട് ആ വ്യക്തിയോടുകൂടെ പോകണം. ആ വ്യക്തി ദൈവം ചെയ്യുന്ന പ്രവർത്തിയെ നോക്കിക്കാണേണം. ആ ആഴ്ചയിൽ എന്റെ വിദ്യാർത്ഥികൾ ആ കോളജ് വിദ്യാർത്ഥികളുടെയിടയിൽ ദൈവം ചെയ്യുന്ന പ്രവർത്തിയെകാണുവാൻ അവിടേയ്ക്ക് പോയി.

ബുധനാഴ്ച പെൺകുട്ടികളിലൊരാൾ ഇങ്ങനെ പറഞ്ഞു. പാസ്റ്റർ രണ്ടു വർഷമായി എന്നോടൊപ്പം പടിക്കുന്ന ഒരു കുട്ടി ഇന്ന് ക്ലാസിനുശേഷം എന്റെ അടുക്കൽ വന്നു. അവൾ പറഞ്ഞു ഞാൻ ചിന്തിക്കുന്നു, നീ ഒരു ക്രിസ്ത്യാനിയാണ്. എനിക്ക് നിന്നോട് സംസാരിപ്പാനുണ്ട്. നീ പറഞ്ഞത് ഞാൻ ഓർമിക്കുന്നു. എനിക്ക് ഒരു ക്ലാസ്സുണ്ടായിരുന്നു. എന്നാൽ ഞാൻ അത് നഷ്ടമാക്കി, അവളെയും കൊണ്ട് സംസാരിപ്പാനായിപ്പോയി. അവൾപറഞ്ഞു. ഞങ്ങളുടെ ഡോർമിറ്ററിയിൽ ഞങ്ങൾ പതിനൊന്നു പേർ ബൈബിൾ പഠിക്കുന്നു. ഞങ്ങൾ ആരും ക്രിസ്ത്യാനികളല്ല. വേദപുസ്തകം പഠിപ്പിക്കുന്ന ആരെയെങ്കിലും നിനക്ക് പരിചയമുണ്ടോ

ആ ബന്ധത്തിൽ വനിതകളുടെ വാസസ്ഥലത്തു മൂന്നു പുരുഷന്മാർ താമസിക്കുന്നയിടത്ത് രണ്ടും ബൈബിൾ ക്ലാസ്സുകൾ തുടങ്ങുവാനിടയായി. രണ്ടു വർഷക്കാലം ഞങ്ങൾ ശ്രമിച്ചു. പക്ഷേ പരാജയപ്പെട്ടു. മൂന്ന് ദിവസം എവിടെയാണ് പ്രവർത്തിക്കുന്നത് എന്ന് കാണുവാൻ ഞങ്ങൾ നോക്കി കൂട്ടു ചേരുവാൻ ആഗ്രഹിച്ചു. എത്ര വ്യത്യാസം അവിടെ സംഭവിച്ചു, തുടർന്നുള്ള ദിവസങ്ങളിൽ ധാരാളം പേർ സംബന്ധിച്ചു. അനേകർ യേശുവിനെ രക്ഷകനും കർത്താവുമായി സ്വീകരിച്ചു. അനേകർ ദൈവത്തിന്റെ വേലയ് ക്കായി സമർപ്പിച്ചു. അതിൽ ചിലർ സഭാ ശുശ്രൂഷയിലും ചിലർ മിഷ്യനറിമാരായും പ്രവർത്തിക്കുന്നു.

### ദൈവം എപ്പോഴും ഉത്സാഹിയാണ്.

ദൈവം ഇപ്പോഴും നമുക്കു ചുറ്റിലും നമ്മിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. നിങ്ങളുടെ ആത്മിക കണ്ണുകൾ തുറക്കപ്പെട്ട് ദൈവത്തിന്റെ പ്രവർത്തിയെ കാണുവാൻ ഞാൻ എപ്പോഴും പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. എപ്പോൾ, എവിടെയാണ് ദൈവം പ്രവർത്തിക്കുന്നതെന്ന് അറിയുവാൻ പരിശുദ്ധാത്മാവും ദൈവവചനവും നിങ്ങളെ പഠിപ്പിക്കും. എവിടെയാണ് ദൈവം പ്രവർത്തിക്കുന്നതെന്ന് ഒരിക്കൽ നിങ്ങൾ അറിയും, അപ്പോൾ അവിടുത്തെ പ്രവൃത്തിക്ക് നിങ്ങൾക്ക് പങ്കാളിയാകാൻ കഴിയും.

ദൈവത്തിന്റെ പ്രവൃത്തിയിൽ ഒരിക്കൽ നിങ്ങൾ പങ്കാളിയാകുമ്പോൾ അത് പരിചയിച്ചിട്ട് നിങ്ങളുടെ ജീവിതത്തിലൂടെ പ്രവൃത്തിയെ പൂർത്തീകരിക്കാനിടയാവും.

### ദൈവവുമായുള്ള സ്നേഹബന്ധം എളുപ്പവഴിയാക്കരുത്

മിക്ക ആളുകളും ദൈവത്തെ വിളിക്കുന്നത് തങ്ങളുടെ കാര്യസാദ്ധ്യത്തിനു വേണ്ടിയാണ്. ദൈവവുമായുള്ള സ്നേഹബ്ധം അതിന് എളുപ്പവഴിയാണെന്ന് തെറ്റിദ്ധരിക്കുന്നു. ആ സ്നഹേബന്ധം എന്തിന് ദൈവം സഷ്ടിച്ചു. അതു നാം ചിന്തിക്കുന്നതിനേക്കാൾ എത്രയോ ശ്രേഷ്ഠമാണ്. എന്നാൽ അതിലുപരിയായി ദൈവം നിങ്ങളിൽ പ്രവർത്തിക്കും. വ്യക്തിപരമായ സ്നേഹബന്ധത്തിലേക്ക് നിങ്ങളെ കൂട്ടിച്ചേർക്കും, ആ ബന്ധം യാഥാർത്ഥ്യവും വ്യക്തിപരവും ആയിരിക്കും. ആ സ്നേഹബന്ധം യാഥാർത്ഥ്യമാവുമ്പോൾ തന്റെ ഇഷ്ട പ്രകാരം കാര്യങ്ങളെ നിങ്ങളെ ഏല്പിക്കും. നിങ്ങൾ ചെയ്യേണ്ട കാര്യങ്ങൾ നിങ്ങളെ ഏല്പിക്കുന്നില്ല എന്ന് തോന്നിയാൽ ദൈവവുമായുള്ള സ്നേഹബന്ധത്തിൽ ആശ്രയിച്ച് അതിനായി കാത്തിരിക്കാം. ❖

(4-ാം പേജിന്റെ തുടർച്ച )

## ഒരുത്തന്റെ പ്രവൃത്തി ......... തീ തന്നെ ശോധന ചെയ്യും

കേന്ദ്രവും വ്യക്തവും പ്രത്യേകവുമായ വെളിപ്പാടും ആയിരിക്കുന്നു.

“ ഒരുത്തൻ പണിത പ്രവൃത്തി നിലനിൽക്കും എങ്കിൽ അവന് പ്രതിഫലം കിട്ടും. ഒരുത്തന്റെ പ്രവൃ ത്തി വെന്തുപോയെങ്കിൽ അവന് ചേതം വരും; താനോ രക്ഷിക്കപ്പെടും; എന്നാൽ തീയിൽ കൂടെ എന്നപോലെയത്രേ” (1കൊരി. 3:14,15).

ഈ വേദഭാഗം സംസാരിക്കുന്നത് ചിലരുടെ പ്രവൃ ത്തി ദൈവവചനപ്രകാരമല്ല ഉൾപ്പെട്ടിരിക്കുന്നത്; അവരുടെ പ്രവൃത്തി വെന്തുപോകും.

നാം വ്യക്തമായി മനസിലാക്കേണ്ടത് രക്ഷ എന്നത് ഒരു വിഷയവും പ്രതിഫലം മറ്റൊന്നുമാണ്. തെറ്റായ പ്രസംഗവും തെറ്റായ ബുക്കുകളും സ്വാർത്ഥമായ പ്രാർത്ഥനകളും സ്വാർത്ഥതയ്ക്കു വേണ്ടിയുള്ള കൊടുക്കലുകളും ജഡികമായ മതഭക്തിയും എല്ലാം വെന്തു പോകും കാരണം അവ പ്രതിനിധീകരിക്കുന്നത് മരം പുല്ല് വൈക്കോൽ തുടങ്ങിയവകൊണ്ട് ചെയ്യുന്ന പണിയെയാണ്.

അനേക പ്രസംഗങ്ങൾ, മനോഹരങ്ങളായ ധാരാളം പാട്ടുകൾ, പ്രാർത്ഥനകൾ സ്വാർത്ഥത ലക്ഷ്യപരമായി ചെലവാക്കപ്പെടുന്ന ദശലക്ഷക്കണക്കിന് പണം, വർഗ്ഗീയവാദം, ജഡത്തിൽ ചെയ്യുന്ന വിവിധങ്ങളായ മതപരിപാടികൾ എല്ലാം അക്ഷരികമായി നശിച്ചുപോകും; അതിന് ഫലം കിട്ടുകയില്ല; ന്യായാസനത്തിനുമുമ്പിൽ നില്പാൻ സാധ്യവുമല്ല.

“ തീയിൽ വെന്തുപോകുന്ന പ്രവൃത്തിക്ക് പ്രതിഫലം കിട്ടുകയില്ല. തീയിൽ ശോധന ചെയ്യുമ്പോൾ നില നിൽക്കുന്ന പ്രവൃത്തിക്ക് പ്രതിഫലം കിട്ടും” (1കൊരി. 3: 14)

ചെയ്യുന്ന പ്രവൃത്തിയുടെ ഗുണം കണക്കാക്കിയാണ് പ്രതിഫലം. പ്രവൃത്തിയുടെ ആകർഷണീയതയും അതിന്റെ ശ്രേഷ്ടതയും ദൈവസ്നേഹവും, ത്യാഗം, വിശ്വാസം, ചെയ്യുന്ന പ്രവൃത്തിയോടുള്ള ആത്മാർത്ഥത എല്ലാം കണക്കാക്കിയാണ് പ്രതിഫലം.

ജീവിതത്തിലെ ചെറിയ കാര്യത്തിനും വലിയകാര്യത്തിനും അതിന്റേതായ പ്രതിഫലം കിട്ടും.

“ കർത്താവ് പറഞ്ഞത് കർത്താവിന്റെ നാമത്തിൽ ഒരു പാനപാത്രം വെള്ളം കുടിപ്പാൻ കൊടുത്താൽ അതിനും പ്രതിഫലം ഉണ്ട് എന്നാണ് ” (മർക്കൊ. 9:41).

ഈ തിരുവചന വാഗ്ദത്തങ്ങൾ, ദൈവമുമ്പാകെ ധ്യാനിപ്പാനും പ്രാർത്ഥിപ്പാനും തന്റെ ഇഷ്ടം ചെയ്യുവാനും നമ്മെ ധൈര്യപ്പെടുത്തുന്നു. ❖

## നക്ഷത്രം കണ്ടതുകൊണ്ട് അവർ അത്യന്തം സന്തോഷിച്ചു



Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975